**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 920** **24-02-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ വന്യമൃഗശല്യം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കോട്ടപ്പടി, പിണ്ടിമന, കട്ടമ്പുഴ, കീരംപാറ, വെള്ളങ്ങാട് തുടങ്ങിയ പഞ്ചായത്തുകളിൽ കാട്ടാന അടക്കമുള്ള വന്യമൃഗശല്യം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടപ്പടി, പിണ്ടിമന, കട്ടമ്പുഴ പഞ്ചായത്തുകളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങി കാർഷിക വിളകൾക്കും, വളർത്തുമൃഗങ്ങൾക്കും നാശം വരുത്തുന്ന സംഭവങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കീരംപാറ, കവളങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികൾ മൂലമുള്ള നാശനഷ്ടങ്ങൾ മേൽപ്പറഞ്ഞ മൂന്ന് പഞ്ചായത്തുകളെക്കാൾ കുറവാണ്. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിലെ ജനങ്ങളുടെ ജീവനും, സ്വത്തിനും സംരക്ഷണം നല്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 1. വന്യജീവി ആക്രമണ സാധ്യതയുള്ള പ്രദേശങ്ങളിൽ ഫലപ്രദമായി പട്രോളിംഗ് നടത്തി വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിന് ശ്രമിച്ചു വരുന്നു. വന്യജീവികൾ ജനവാസ മേഖലയ്ക്ക് സമീപം എത്തിയാൽ അറിയിക്കുന്നതിനായി ടെലഫോൺ നമ്പരുകൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. രാപ്പകൽ വ്യത്യാസമില്ലാതെ ഫോൺകോളുകൾ സ്വീകരിച്ച് ഉടൻതന്നെ സ്ഥലത്ത് എത്തിച്ചേർന്ന് വന്യജീവികളെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിൻറെയും, താത്ക്കാലിക വാച്ചർമാരേയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളുടെയും സേവനം ഇതിനായി ഉപയോഗപ്പെടുത്തി വരുന്നു. 2. വന്യജീവി ആക്രമണ സാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ സൗരോർജ്ജ വേലികൾ നിർമ്മിച്ച് വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അറ്റകുറ്റപ്പണികൾ ആവശ്യമായ സൗരോർജ്ജ വേലികൾ, അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 3. കർഷകർ, |

| | | | |
|---|---|---|---|
| | | | ജനപ്രതിനിധികൾ എന്നിവരുമായി ആശയ വിനിമയം നടത്തി വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിനായി കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിലെ ജനജാഗ്രത സമിതികളുടെ യോഗം യഥാക്രമം 19.10.21, 06.10.21, 14.12.21 തീയതികളിൽ വിളിച്ചു ചേർത്തിട്ടുണ്ട്. കീരംപാറ, കവളങ്ങാട് പഞ്ചായത്തുകളിലും ജന ജാഗ്രതാ സമിതികളുടെ യോഗങ്ങൾ യഥാക്രമം 03.11.2021, 30.10.2021 തീയതികളിൽ കൂടിയിട്ടുണ്ട്. ടി യോഗങ്ങളിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. 4. കോട്ടപ്പടി പ്രദേശത്ത് നിലവിലുള്ള സൗരോർജ്ജ വേലികളോട് ചേർന്ന് നിൽക്കുന്ന വൃക്ഷങ്ങൾ, ടി സൗരോർജ്ജ വേലികളിലേയ്ക്ക് മറിച്ചിട്ട്, ആയതിന് കേടുപാടുകൾ വരുത്തി, ആനകൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങി വരുന്ന പ്രവണത കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിലേയ്ക്കായി കോട്ടപ്പടി പ്രദേശത്തെ സൗരോർജ്ജ വേലിയോട് ചേർന്ന് 30 മീറ്ററിനുള്ളിലെ അക്കേഷ്യ മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 5. വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങുന്ന സംഭവം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ആന പ്രതിരോധ സൗരോർജ്ജ വേലികൾ / ഹാങ്ങിംഗ് സൗരോർജ്ജ വേലികൾ / ആന കിടങ്ങുകൾ സ്ഥാപിക്കുന്ന കാര്യം പുരോഗമിക്കുന്നു. |
| (സി) | മേൽ പ്രദേശങ്ങളിലെ കർഷകർക്ക് വന്യമൃഗശല്യം മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | വന്യമൃഗ ആക്രമണംമൂലം കാർഷിക വിളകൾക്ക് നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ 2021, 2022 വർഷങ്ങളിലായി കോതമംഗലം മണ്ഡലത്തിനു കീഴിൽ ഇത്തരത്തിലുള്ള 215 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | വന്യമൃഗശല്യം മൂലം മേൽ പ്രദേശങ്ങളിലെ ജനങ്ങൾക്ക് കൃഷിനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | വന്യജീവിശല്യംമൂലം മേൽ പ്രദേശങ്ങളിലെ ജനങ്ങൾക്ക് കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നുണ്ട്. എന്നാൽ നഷ്ടപരിഹാര തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. |
| (ഇ) | നഷ്ടപരിഹാരം ലഭിക്കാനുള്ള കർഷകർക്ക് | (ഇ) | പ്രസ്തുത നഷ്ടപരിഹാര തുക താമസം വിനാ |

| | | | |
|---|---|---|---|
| | അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; | | വിതരണം ചെയ്യുന്നതാണ്. |
| (എഫ്) | വന്യമൃഗശല്യം ശാശ്വതമായി പരിഹരിക്കുന്നതിന് സംസ്ഥാനതലത്തിൽ തയ്യാറാക്കിയിട്ടുള്ള കർമ്മ പദ്ധതിയിൽ കോതമംഗലം മണ്ഡലത്തിന് മുൻഗണന നല്കി വന്യമൃഗശല്യം പരിഹരിക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിലെ പ്രശ്നബാധിത പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ്, സോളാർ പവർ ഹാങ്ങിംഗ് ഫെൻസിംഗ്, ആന കിടങ്ങുകൾ തുടങ്ങിയവ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ